# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യ.വൈ.ഡി-പി3-661/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 15/09/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1,3-2,3-3 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യു.വൈ.ഡി-പി3-661/21 തീയ്യതി: 15/09/2021

## വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 02-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-08-2019 | 02-09-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. ഷാജു തോമസ്.എ, ഓഡിറ്റ് ഓഫീസർ
2. ശ്രീ. നവാസ്. കെ.എം, അസി.ഓഡിറ്റ് ഓഫീസർ
3. ശ്രീമതി.ബിന്ദു.കെ.കെ, അസി.ഓഡിറ്റ് ഓഫീസർ
4. ശ്രീ. ഡേവിഡ്.കെ.വി, അസി.ഓഡിറ്റ് ഓഫീസർ
5. ശ്രീ. അലി അക്ബർ.കെ, അസി.ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ജെ .രാജേന്ദ്ര പ്രസാദ് | പ്രസിഡന്റ് | 01-04-2019 | 10-12-2019 |
| ശ്രീമതി.ഹൈനത്ത് ബഷീർ | പ്രസിഡന്റ് | 11-12-2019 | 06-01-2020 |
| ശ്രീ.ബിനു ജേക്കബ് | പ്രസിഡന്റ് | 07-01-2020 | 31-03-2020 |
| ശ്രീ.ഉസ്മാൻ.വി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലതിക എം.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ.രാജുദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2019 | 31-03-2020 |
| ശ്രീ.അനഘ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ലുമഭായി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.സ്വജരാജ് | മെഡിക്കൽ ഓഫീസർ ( പി. എച്ച്.സി) | 01-04-2019 | 17-06-2019 |
| ഡോ.രേഷ്മ ഇ | മെഡിക്കൽ ഓഫീസർ ( പി. എച്ച്.സി) | 18-06-2019 | 31-07-2019 |
| ഡോ.പ്രഭാകരൻ | മെഡിക്കൽ ഓഫീസർ ( പി. എച്ച്.സി) | 01-08-2019 | 31-03-2020 |
| ഡോ.രമ്യ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 28-07-2019 | 16-08-2019 |
| ഡോ.മൃദുല | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 17-08-2019 | 23-02-2020 |
| ഡോ.രമ്യ | മെഡിക്കൽ ഓഫീസർ ( | 24-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| | ഹോമിയോ) | | |
| ശ്രീമതി.ഷേർളി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.മേഴ്സി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.റഹിം ഫൈസൽ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 04-12-2019 |
| ശ്രീമതി.ഷൈല പി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 05-12-2019 | 31-03-2020 |
| ശ്രീമതി.ഷീജ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.പ്രവീൺ ടി ജോസ് | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.സരിത.എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീ.ഉസ്മാൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K.K.Bindu (Asst. Audit Officer, On 03-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-1 |
| 2 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 03-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-1-1 |
| 3 | ബഡ്ജറ്റ് പൂർണ്ണമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 03-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-1-2 |
| 4 | യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 03-09-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 10-09-2021) | 1-1-3 |
| 5 | വാർഷിക കണക്കുകൾ<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2 |
| 6 | ധനകാര്യ പത്രിക പൂർണ്ണമല്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2-1 |
| 7 | സ്ഥിര ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2-2 |
| 8 | വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2-3 |
| 9 | ബാലൻസ് ഷീറ്റിൽ ബാധ്യതയി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാന്റ്/സ്പെഷ്യൽ ഫണ്ട് എന്നിവയ്ക്ക് തുല്യമായ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2-4 |
| 10 | പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2-5 |
| 11 | ലോൺ ബാധ്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2-6 |
| 12 | കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2-7 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ali Akbar. K (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-3 |
| 14 | ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-4 |
| 15 | | 1-5 |

| | | |
|---|---|---|
| | പദ്ധതി അവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | |
| 16 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ali Akbar. K (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-6 |
| 17 | ക്ഷേമ പദ്ധതികൾ<br>Written By: Ali Akbar. K (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-7 |
| 18 | ക്യാഷ് പരിശോധന<br>Written By: Ali Akbar. K (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ali Akbar. K (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-10 |
| 21 | രശീതി പിരിവ് -അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11 |
| 22 | ഗുണഭോക്തൃ വിഹിതം - പ്രത്യേക രശീതി ബുക്ക് - അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-12 |
| 23 | തൊഴിൽ നികുതി മുഴുവനായി ഈടാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 07-09-2021) | 1-13 |
| 24 | വസ്തു നികുതി ഫയലുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-14 |
| 25 | മാവേലി സ്റ്റോർ - വാടക കുടിശ്ശിക- ജി.എസ്.ടി ഈടാക്കിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-15 |
| 26 | എസ്.എസ്.എ).വിഹിതം നൽകിയത്-വിനിയോഗവിവരം ലഭ്യമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-16 |
| 27 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി-തുക ചെലവഴിച്ചതിലും -ഫയലുകൾ സൂക്ഷിക്കുന്നതിലും അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-17 |
| 28 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -മെറ്റീരിയൽസ് വാങ്ങിയതിലെ അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-18 |
| 29 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -പദ്ധതിതുക ദുരുപയോഗം-₹167670-യുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-19 |
| 30 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി - പദ്ധതിതുക ചെലവഴിച്ചതിൽ വ്യാപക ക്രമക്കേട് | 1-20 |

| | | |
|---|---|---|
| | Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | |
| 31 | -മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -മെറ്റീരിയൽ പ്രവൃത്തികൾ -ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.2573632 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-21 |
| 32 | കുടിവെള്ള പദ്ധതി -വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-22 |
| 33 | യോഗ്യതയില്ലാത്ത ജീവനക്കാരന്റെ നിയമനം-ഹോണറേറിയം നൽകിയ 327375 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു.<br>Written By: K.M.Navaz (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-23 |
| 34 | ജൂബിലി ഭവന പദ്ധതി വികസന ഫണ്ടിൽ നിന്നും പലിശ അടച്ചു.<br>Written By: K.M.Navaz (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-24 |
| 35 | മെഡിക്കൽ ഓഫീസർ(പി എച്ച് സി വരദൂർ)-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 05-09-2021)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 07-09-2021) | 1-25 |
| 36 | മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 06-09-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 07-09-2021) | 1-26 |
| 37 | ഒറ്റ പദ്ധതിയായി നടപ്പിലാക്കേണ്ട പദ്ധതി രണ്ടായി നടപ്പിലാക്കി<br>Written By: Shaju Thomas (Audit Officer, On 06-09-2021)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 07-09-2021) | 1-27 |
| 38 | പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ തുടർനടപടി സ്വീകരിച്ചില്ല.<br>Written By: Shaju Thomas (Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-28 |
| 39 | എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-29 |
| 40 | ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കുന്നില്ല<br>Written By: Shaju Thomas (Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-30 |
| 41 | അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം<br>Written By: Shaju Thomas (Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-31 |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-2 |

| | | |
|---|---|---|
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-5 |
| 47 | ഓഡിറ്റ് റിക്കവറി<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 13-09-2021) | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 15-09-2021) | 4-8 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-9 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -പദ്ധതിതുക ദുരുപയോഗം ചെയ്തു-<br>Written By: K.K.Bindu (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 3-1 |
| 2 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -പദ്ധതിതുക ദുരുപയോഗം-₹167670-യുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: K.K.Bindu (Asst. Audit Officer, On 06-09-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 10-09-2021) | 3-2 |
| **ഭാഗം 4** | | |
| --- No Records Found --- | | |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2019-20 | |
|---|---|---|
| | യഥാർത്ഥം | പുതുക്കിയത് |
| മുൻബാക്കി | 4673133 | 17742375 |
| വരവ് | 413899000 | 354385313 |
| ആകെ | 418572133 | 372127688 |
| ചെലവ് | 415706000 | 367367375 |
| നീക്കിബാക്കി | 2868133 | 4760313 |
| തീരുമാനം നമ്പർ/തീയതി | 1/1/16.02.19 | 2/1/24.03.20 |

### 1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവ്രഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും 2019-20 വ്രഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ ആവശ്യപ്പെടുകയും 15.12.18 ന് യോഗം ചേർന്നതായും കാണുന്നു. എന്നാൽ ഹോമിയോ മെഡിക്കൽ ഓഫീസ്ര,ആയുർവേദമെഡിക്കൽ ഓഫീസ്ര,ഹെഡ് മാസ്റ്റർ,വെറ്റിനറിസർജൻ എന്നിവരൊഴികെ മറ്റുള്ള നിർവഹണോദ്യോഗസ്ഥർ പ്രൊപ്പോസൽ സമർപ്പിച്ചതായി കാണുന്നില്ല.കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ,ഐ,സി.ഡി.എസ്.സൂപ്പർവൈസർ ,വി.ഇ.ഒ എന്നിവരൊന്നും പ്രോപ്പോസലുകൾ സമർപ്പിക്കാത്തത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

സെക്രട്ടറി ,വിവിധ ഓഫിസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2019-20 വർഷത്തെ ബഡ്ജറ്റ് അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

## 1-1-3 യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ രണ്ടുവർഷങ്ങളിലെ ബഡ്ജറ്റുകളും യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

| ഇനം | 2019-20 | |
|---|---|---|
| | പുതുക്കിയ ബഡ്ജറ്റ് പ്രകാരം | വാർഷികകണക്കുകൾ പ്രകാരം |
| മുൻബാക്കി | 17742375 | 19498123 |
| വരവ് | 354385313 | 120098871 |
| ആകെ | 372127688 | 139596994 |
| ചെലവ് | 367367375 | 110570736 |
| നീക്കിബാക്കി | 4760313 | 29026258 |

പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം (കുടിശ്ശിക ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 7500000 | 6110772 |
| 2 | 1102001 | തൊഴിൽ നികുതി | 3000000 | 1703670 |
| 3 | 1401001 | ലൈസൻസ് ഫീസ് | 380000 | 138600 |
| 4 | 1401101 | പെർമിറ്റ് ഫീസ് | 375000 | 236176 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ

പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.06.2020 | --- | --- |

ഭരണ സമിതിയുടെ 12.06.2020 ലെ 03(1)/2020 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്കുകളിലെ ന്യൂനതകൾ താഴെപ്പറയുന്നു.

### 1-2-1 ധനകാര്യ പത്രിക പൂർണ്ണമല്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. 25.06.2020ന് എ-4384/20 നമ്പർ പ്രകാരം ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങളും (റേഷ്യോസ്) ഗ്രാന്റ് വിനിയോഗ പത്രികയും സമർപ്പിച്ചിട്ടില്ല. ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-2-2 സ്ഥിര ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിക്സഡ് അസറ്റ്സിന്റെ മൂല്യത്തിന്റെ കൃത്യത താഴെ പറയുന്ന കാരണങ്ങളാൽ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

1. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും, ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല

### 1-2-3 വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന നികുതി നികുതിയേതിര ഇനങ്ങളുടെ വാർഷിക കണക്കുകളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ ഡി.സി.ബി. രജിസ്റ്ററലെ തുകകളുമായി പെരുത്തപ്പെടുന്നില്ല.

| ഇനങ്ങൾ | വാർഷിക കണക്ക് | | | ഡി.സി.ബി. രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| തൊഴിൽ നികുതി എംപ്ലോയിസ് | 1403260 | 1368260 | --(**) | 14,58,290 | 14,03,260 | 55030 |
| തൊഴിൽ നികുതി ട്രയ്ഡേഴ്സ് | 8,69,250 | 8,69,250 | -- | 8,75,000 | 8,69,250 | 5750 |
| കെട്ടിട വാടക | 3,28,452 | 114908 | 2,13,544 | 5,78,682 | 3,65,138 | 2,13,544 |
| കെട്ടിട വാടക കുടിശ്ശിക | 6,25,130 | 2,50,230 | 3,74,900 | രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | | |

(**) തൊഴിൽ നികുതി (എംപ്ലോയിസ്) -ലെ കളക്ഷനിലെയും ഡിമാന്റിലെയും വ്യത്യാസം ₹35,000/- ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ബുക്ക് അഡ്ജസ്റ്റുമെന്റിലൂടെ വരവ് വച്ചതിനാലാണെന്നാണ്

വിശദീകരണം ലഭയമാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് പഞ്ചായത്തിന്റെ എല്ലാ വരവുകളും റസീപ്റ്റ് ചെയ്യേണ്ടത്. ആയത് പാലിച്ചിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം ടെണ്ടർ ഫോറം വിൽപ്പനയിനത്തിൽ ₹4,98,750/- വരവുണ്ട്. ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2-4 ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാന്റ്/സ്പെഷ്യൽ ഫണ്ട് എന്നിവയ്ക്ക് തുല്യമായ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള ടി എസ് സി, ഡബ്ല്യൂ ജി ഡി പി, ഐ സി ഡി എസ്, എൽ എ ഡി എഫ്, തുടങ്ങിയവയ്ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടുകളില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളള്ള പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

ബി-4 ഷെഡ്യൂളിൽ ജലനിധിയുടെ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത് ₹5,02,211/- ആണ്. എന്നാൽ ബി-17 ഷെഡ്യൂൾ അനുസരിച്ച് ജലനിധിയുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹21,55,286/- ആണ്.

## 1-2-5 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280800701 - പ്രയർ പിരീഡ് - മിസെല്ലേനിയസ് എക്സ്പെൻസസ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹967097/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയിട്ടില്ല.

## 1-2-6 ലോൺ ബാധ്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ജൂബിലി ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി ₹2 കോടി ആണ് ഗ്രാമപഞ്ചായത്ത് ലോൺ എടുത്തു. തൻ വർഷം വരെ ലോൺ രജിസ്റ്റർ പ്രകാരം ആകെ ₹1,90,43,211/- വികസന ഫണ്ടിൽ നിന്നും തുക അടവാക്കി. ആയതനുസരിച്ച് ₹9,56,789/- ആണ് ലോൺ ഒടുക്കാൻ ബാക്കിയുള്ളത്. എന്നാൽ ബി-5 ഷെഡ്യൂളിൽ ₹53,21,909/- പ്രസ്തുത ലോൺ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ബാധ്യത ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-2-7 കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷം അവസാനം പാസ്സാകാത്ത ട്രഷറി ബില്ലുകൾക്ക് ബാലൻസ് ഷീറ്റിൽ ബാധ്യത രേഖപ്പെടുത്തിയിട്ടില്ല.

01.09.2021 -ലെ ഓഡിറ്റ് എൻക്വയറി നമ്പർ- 22/19-20-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 19498123.00 |
| വരവ് | 120098871.00 |
| ആകെ | 139596994.00 |
| ചെലവ് | 110570736.00 |
| നീക്കിയിരിപ്പ് | 29026258.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | NIL | 14159976 | 14159976 | 14014912 | 145064 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | NIL | 1904765 | 1904765 | 1138590 | 766175 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | NIL | 15058176 | 15058176 | 11070881 | 3987295 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | NIL | 8416000 | 8416000 | 2373443 | 6042557 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | NIL | 5074000 | 5074000 | 3075059 | 1998941 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | NIL | 13460318 | 13460318 | 6645949 | 6814369 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | NIL | - | - | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 2119553 | 16900000 | 19019553 | 14198218 | 4821335 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | 242179361 | 136 | 88771805 | 33 | 126 | 46.1 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 207965 | 1981720 | 2189685 | 1954063 | 235622 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 52159258 | 52159258 | 52159258 | 0 |
| 100 ദിവസ അലവൻസ് | 0 | 727000 | 727000 | 727000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 840 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 3108600 | 575 |
| വിധവാപെൻഷൻ | 8376600 | 1478 |
| വാർദ്ധക്യകാലപെൻഷൻ | 9441600 | 1713 |
| വികലാംഗപെൻഷൻ | 2065200 | 367 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2020-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32879/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. താഴെ കൊടുക്കുന്നു.

1. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സൂക്ഷിക്കുന്നതിൽ സെക്രട്ടറി മതിയായ ശ്രദ്ധ പുലർത്തിയിട്ടില്ല. കാഷ് ബുക്ക്, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനേന പ്രിന്റൗട്ട് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2.രശീതി കളക്ഷൻ രജിസ്റ്ററുകൾ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.

3. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല.

4. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

5. വാർഷികകണക്ക് പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ ഇതുവരെയും പരിഹരിച്ചിട്ടില്ല. സെക്ഷനുകൾ തൻപതിവേട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

6. വിവിധ ഡിമാന്റ് രജിസ്റ്ററുകളും വാർഷിക കണക്കുമായി യോജിക്കുന്നില്ല.

7.രജിസ്റ്ററുകളിൽ സംക്ഷിപ്തമെഴുതിയിട്ടില്ല.

8. എം.എൻ.ആർ.ഇ.എ ഫയലുകൾ സൂക്ഷിപ്പ് പരിശോധിക്കപ്പെടുന്നില്ല. സൂപ്പർവൈസിംഗ് ഓഫീസർ ഫയലുകളോ ട്രാൻസാക്ഷനുകളോ പരിശോധിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/11/2019 | 01/04/2019 മുതൽ 31/10/2019 വരെ | 17/01/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/12/2015 മുതൽ 06/01/2016 വരെ | 2010-11 മുതൽ 2014-15 വരെ | 29/01/2016 |

## 1-11 രശീതി പിരിവ് -അപാകതകൾ

(1) വിവിധ ക്ലാർക്കുമാരുടെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററുകൾ സൂപ്പർവൈസറി ഉദ്യോഗസ്ഥൻമാർ പരിശോധിക്കുന്നില്ല. ഇത് കാരണം കളക്ഷൻ തുക അതാത് ദിവസം അടവാക്കുന്നുണ്ടെന്നത് ഉറപ്പ് വരുത്തുന്നതിന് സാധിക്കാതെ വരുന്നുണ്ട്.

2)ദിവസേനയുള്ള ഡേ ബുക്ക് കളക്ഷൻ സൂപ്പർവൈസറി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

3) രശീതികൾ സെക്രട്ടറി റദ്ദ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സാംഖ്യ രശീതി നമ്പർ |
|---|---|
| 1 | 0139069 |
| 2 | 0139126 |
| 3 | 0139486 |
| 4 | 0141775 |
| 5 | 0141777 |
| 6 | 0143079 |
| 7 | 0143325 |
| 8 | 0138813 |

| | |
|---|---|
| 9 | 0138815 |
| 10 | 0138816 |
| 11 | 0140728 |
| 12 | 0140738 |

4) 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) പ്രകാരം അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ സാക്ഷ്യപത്രം രേഖപ്പെടുത്താതെ രസീത് ബുക്കുകൾ ഉപയോഗിച്ചതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | രശീതി ബുക്ക് നമ്പർ |
|---|---|
| 1 | 43335 |
| 2 | 43339 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/19-20/25.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 ഗുണഭോക്തൃ വിഹിതം - പ്രത്യേക രശീതി ബുക്ക് - അപാകതകൾ

ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിൽ പ്രത്യേക രശീതി ബുക്ക് അടിച്ചിട്ടുണ്ട്. പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(1) പ്രത്യേക രശീതി ബുക്കുകൾ അടിച്ചതിന്റെ ഭരണ സമിതി തീരുമാനം, പ്രസ്സിന്റെ ഇൻവോയിസ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം 83 പ്രകാരം രസീത് ബുക്കുകൾ ലഭിച്ച ഉടൻ തന്നെ എണ്ണി നമ്പറിട്ട് സ്റ്റോക്ക് ബുക്കിൽ ചേർക്കേണ്ടതാണ്. എന്നാൽ, സ്റ്റോക്ക് രജിസ്റ്ററിൽ ചെർത്തിട്ടില്ല.

3) 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) പ്രകാരം അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ, ഇത് ചെയ്തിട്ടില്ല.

4) രശീതി ബുക്ക് നം. 1 വെറ്ററിനറി സർജനും, നം.2 കൃഷി ഓഫീസർക്കും നൽകിയിട്ടുണ്ട്.എന്നാൽ, മൊത്തം എത്ര രശീതി ബുക്കുകൾ പ്രിന്റ് ചെയ്തിട്ടുണ്ട് എന്ന് അറിയില്ല.

5) 174000/- രൂപ കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതമായി പിരിച്ചിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ തുക അടവാക്കിയ രശീതിയും ഹാജരാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥരുടെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററുകൾ സൂപ്പർവൈസറി ഉദ്യോഗസ്ഥൻമാർ പരിശോധിക്കുന്നില്ല. ഇത് കാരണം കളക്ഷൻ തുക അതാത് ദിവസം അടവാക്കുന്നുണ്ടെന്നത് ഉറപ്പ് വരുത്തുന്നതിന് സാധിക്കാതെ വരുന്നുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/19-20/25.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി മുഴുവനായി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ , അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷം |
|---|---|---|---|
| 1 | യൂണിവേഴ്സൽ അഗ്രി വുഡ് വർക്ക്സ്, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 2 | വിജയ ഏജൻസീസ്, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 3 | സതി.ടി.കെ, ഇൻഡേൻ ഗ്യാസ് ഏജൻസി, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 4 | സെന്റ് ജൂഡ് ഇൻഡേൻ ഗ്യാസ് ഏജൻസി, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 5 | ഹംസ വൈശ്യൻ, മര മിൽ, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 6 | വയനാട് ടിമ്പേഴ്സ്, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 7 | എം.ആർ സ്റ്റീൽ, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 8 | പെട്രോൾ പമ്പ്, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 9 | വെപ്കോ റൂഫിംഗ്, പള്ളിമുക്ക് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 10 | സ്വാമീസ് ട്രേഡിംഗ് കമ്പനി, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 11 | അബു, മരമിൽ, വരദൂർ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 12 | ഇൻഡസ് മാരുതി, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 13 | ടഫ് ഗ്ലാസ്സ് ഫൈബർ പ്രോഡക്ട്സ് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 14 | തോംസൺ സ്റ്റോൺ, ക്രഷർ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 15 | ആരോഗ്യ ഫാർമ്മ ക്ലിനിക്ക് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 16 | ടൈൽ പ്ലാനറ്റ് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 17 | പോസ്റ്റ് ഓഫീസ്, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 18 | പോസ്റ്റ് ഓഫീസ്, വരദൂർ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 20 | ആപ്പിൾ ഡേ ഇംഗ്ലീഷ് മീഡിയം സ്കൂൾ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടുണ്ട് |
| 21 | സൽമാൻ അസ്സോസിയേറ്റ്സ് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 22 | അക്ഷയ ഇ സെന്റർ, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 23 | അക്ഷയ ഇ സെന്റർ, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |

2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷം |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കമ്പളക്കാട് | അടവാക്കിയിട്ടുണ്ട് | അടവാക്കിയിട്ടില്ല |
| 3 | ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്ക്, കമ്പളക്കാട് | അടവാക്കിയിട്ടുണ്ട് | അടവാക്കിയിട്ടില്ല |
| 4 | ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്ക് (ഈവനിംഗ് ബ്രാഞ്ച്) | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 5 | നാഷണൽ ബാങ്കേഴ്സ്, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 6 | സൂരി പ്ലാന്റ്, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടുണ്ട് |
| 7 | ക്ഷീര സഹകരണ സംഘം, ചീക്കല്ലൂർ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 8 | ക്ഷീര സഹകരണ സംഘം, നടവയൽ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 9 | കെ.എസ്.ഇ.ബി, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |

കൂടാതെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബിൽഡിംഗ് സൂപ്പർവൈസർ, കരാറുകാർ,

എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്, ആർക്കിടെക്ട്സ്, ഡോക്ടർമാർ, എഞ്ചിനീയേഴ്സ്, ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19-20/26.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തൊഴിൽ നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി ഫയലുകൾ ഹാജരാക്കിയിട്ടില്ല

2019-20 വർഷത്തെ താഴെ പറയുന്ന നമ്പറിംഗ് ഫയലുകൾ ഹാജരാക്കിയിട്ടില്ല.

| ഫയൽ നം/തീയതി | വാർഡ് നം | പേര് |
|---|---|---|
| എ3-11209/15 | 3 | അബ്ദുൾ അസീസ്സ്, |
| എ3-4004/19 | 12 | സൂപ്പി ഹാജി, |
| എ3-1739/18 | 15 | മുഹമ്മദ് ഹാരിസ് |
| ബി4-4578/17 | 15 | ഇന്ദിര ബായി |
| എ3-6736/19 | 17 | ശ്രീ രാമചന്ദ്രൻ |

മേൽ ഫയലുകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/19-20/01.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 മാവേലി സ്റ്റോർ - വാടക കുടിശ്ശിക- ജി.എസ്.ടി ഈടാക്കിയിട്ടില്ല

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും സപ്ലൈകോയുമായി ചമച്ച കരാർ നം. 18093/ 09/01/2016 പ്രകാരം KGP12/1111 KGP 12/1112മാവേലി സ്റ്റോർ കമ്പളക്കാടിന് വാടകക്ക് നൽകിയിട്ടുണ്ട്. 01.02.2016 മുതൽ മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രശീതി നമ്പർ 119040900002/03.03.2020 പ്രകാരം ഫെബ്രുവരി 2016 മുതൽ മാർച്ച് 2019 വരെ 6585 രൂപ നിരക്കിൽ സപ്ലൈകോയിൽ നിന്നും വാടക കുടിശ്ശികയായി 250770/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ജി.എസ്.ടി തുക 45139/-രൂപ (250770 ന്റെ 18%) ഈടാക്കിയിട്ടില്ല.

പൊതു മരാമത്ത് കെട്ടിട വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങിയിട്ടില്ല. വാടക നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/19-20/01.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ.വിഹിതം നൽകിയത്-വിനിയോഗവിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം എസ്.എസ്.എ വിഹിതമായി താഴെപ്പറയുന്ന തുകകൾ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് ന്ലകിയിട്ടുണ്ട്.

1.പ്രോജക്ട് നമ്പർ-30/20

പ്രോജക്ട്-എസ്.എസ്.എ വിഹിതം നൽകൽ

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട്-വികസനഫണ്ട് എസ്.സി.പി

ട്രഷറിബിൽ നമ്പർ-3/19-20/3.08.19

ചെലവഴിച്ച തുക-₹45000/-

2.പ്രോജക്ട് നമ്പർ-33/20

പ്രോജക്ട്-എസ്.എസ്.എ വിഹിതം നൽകൽ-ടി.എസ്.പി

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട്-വികസനഫണ്ട് ടി.എസ്.പി

ട്രഷറിബിൽ നമ്പർ-33/19-20/30.08.19

ചെലവഴിച്ച തുക-₹500000/-

തുക കൈപ്പറ്റിയ രശീതി മാത്രമാണ് ഫയലിൽ ഉള്ളത്. നൽകിയ തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ,എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നുള്ള വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ഇത് സംബന്ധിച്ച്നൽകിയ ഓഡിറ്റ് എൻക്വയറി.നം. 3/19-20 തീയതി 17.08.21ക്ക് നൽകിയ മറുപടിയിൽ വിവരങ്ങൾ ഹാജരാക്കുന്നതാണ് എന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-17 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി-തുക ചെലവഴിച്ചതിലും -ഫയലുകൾ സൂക്ഷിക്കുന്നതിലും അപാകതകൾ

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയിൽ 114 മെറ്റീരിയൽ പ്രവൃത്തികളിലായി ആകെ 11537000 രൂപ ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 87 ഫയലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതിനടത്തിപ്പിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടു.
ആകെയുള്ള മെറ്റീരിയൽ പ്രവൃത്തികളിൽ 87 എണ്ണം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പ്രവൃത്തികളിൽ തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിലും മെറ്റീരിയൽസ് വാങ്ങിയതിലും ക്രമക്കേടുകൾ കണ്ടു.പരിശോധിച്ച ഫയലുകളിൽ ക്രമക്കേട് കണ്ടതിനാൽ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം ആവശ്യമാണ്. അപാകതകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പദ്ധതിയുടെ ഫയലുകൾ ക്രമനമ്പർ നൽകി സൂക്ഷിച്ചിട്ടില്ല.തൻവർഷം നടപ്പാക്കിയ എല്ലാ പ്രവൃത്തികളുടെയും ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഹാജരാക്കിയ ഫയലുകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക നൽകിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ട് വിവരങ്ങളോ , ഓരോ ഗുണഭോക്താവിനും നൽകിയ തുകയുടെ വിവരങ്ങളോ ,തുക അക്കൌണ്ടിലേക്ക് നൽകിയ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല.ഫയലുകളിൽ സെക്രട്ടറി,അസിസ്റ്റന്റ് സെക്രട്ടറി,പ്രസിഡന്റ് എന്നിവർ ഒപ്പുവെച്ചതായി കാണുന്നില്ല.

2.മെറ്റീരിയൽ പ്രവൃത്തികൾക്കായി സാധനങ്ങളുടെ വിലയായി 2019-20 വർഷം 11537000 രൂപ ചെലവഴിച്ചിട്ടുണ്ട് .എന്നാൽ എല്ലാ പ്രവൃത്തികളുടെയും ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.വിവിധപ്രവൃത്തികൾക്കായി വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്ററർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ വാങ്ങുന്നതിന്റെ ടെണ്ടർ ഫയലിൽ ഓരോ സാധനങ്ങളുടെയും അംഗീകരിച്ച നിരക്ക് രേഖപ്പടുത്തിയതായോ , നിരക്കുകൾ താരതമ്യം ചെയ്തതായോ, തെരഞ്ഞെടുത്ത കരാറുകാരന് സപ്ലൈ ഓർഡർ നൽകിയതായോ കാണുന്നില്ല.

5.ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളിൽ അളവുപുസ്തകം ഹാജരാക്കിയിട്ടില്ല.
6. റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ സ്ഥലം വിട്ടു കിട്ടിയതായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം. 15 /19-20 തീയതി 31.08.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ 2018-19 ,2019-20 വർഷങ്ങളിൽ 7മുതൽ 12വരെ വാർഡുകളിൽ നടപ്പാക്കിയ പ്രവൃത്തികളിൽ തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിലും മെറ്റീരിയൽസ് വാങ്ങിയതിലും ക്രമക്കേടുകൾ വന്നിട്ടുണ്ട്.എല്ലാ ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ലഭ്യമാക്കിയ ഫയലുകൾ സമയപരിധിക്കുള്ളിൽ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.പഞ്ചായത്ത് ഭരണസമിതിയോ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ ഈ വിഷയത്തിൽ നടപടികൾ സ്വീകരിച്ചതായികാണുന്നില്ല.ഈ വിഷയത്തിൽ അനന്തരാന്വേഷണം നടത്തി നഷ്ടം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വീഴ്ച ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ട്.ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -മെറ്റീരിയൽസ് വാങ്ങിയതിലെ അപാകതകൾ

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട് മെറ്റീരിയൽസ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചത് സംബന്ധിച്ച പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ 24.11.18 ലെ പത്രപ്പരസ്യത്തിൽ GST രജിസ്ട്രേഷനുള്ള കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നതായി പറഞ്ഞിട്ടുണ്ട്.എന്നാൽ ഫയലിൽ വാർഡ് തിരിച്ചുള്ള ടെണ്ടർ ഫോറങ്ങളാണ് കാണുന്നത് .ടെണ്ടർ പരസ്യത്തിൽ വാർഡ് തിരിച്ച് ടെണ്ടർ ക്ഷണിക്കുന്നതായി കാണിച്ചിട്ടില്ല.ടെണ്ടർ ഫോറങ്ങളിൽ സെക്രട്ടറി ഒപ്പുവെച്ചിട്ടില്ല.അംഗീകരിച്ച നിരക്ക് രേഖപ്പെടുത്തിയിട്ടില്ല.ടെണ്ടർ ഷെഡ്യൂൾ പൂരിപ്പിച്ചിട്ടില്ല.

സപ്ലൈ ഓർഡർ നൽകിയിട്ടില്ല.കരാറുകാർ സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.ബില്ലുകളിൽ നിന്നും GST ഈടാക്കിയ വിവരങ്ങൾ ഫയലിൽ ഇല്ല.

സാധനങ്ങൾ കരാറുകാർ സപ്ലൈ ചെയ്തതായി, ഫയലുകളിൽ സെക്രട്ടറിയോ,അസിസ്റ്റന്റ് സെക്രട്ടറിയോ,എ.ഡി.എസ് മേറ്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് എൻക്വയറി.നം. 17/19-20 തീയതി 01.09.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ഓഡിറ്റ് വർഷത്തെ മെറ്റീരിയൽസ് സപ്ലൈ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -പദ്ധതിതുക ദുരുപയോഗം-₹167670-യുടെ ചെലവ് നിരാകരിക്കുന്നു.

മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി -പദ്ധതിതുക ദുരുപയോഗം-₹167670-യുടെ ചെലവ് നിരാകരിക്കുന്നു.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിനടത്തിപ്പിൽ താഴെപ്പറയുന്ന പദ്ധതികളിൽ തുകകൾ ചെലവഴിച്ചതിൽ അപാകതകൾ വന്നതായി കാണുന്നു.

1.തൊഴുത്ത് നിർമ്മാണം ,വാർഡ് 7,പൌലോസ്

ഫയൽ പരിശോധിച്ചതിൽ 7000 രൂപ FTO No.630057/21.03.19 പ്രകാരം ശ്രീ.ലിനു.കെ.ഇ. എന്നയാൾക്കും 60046 രൂപ FTO No.6007988/21.03.19 പ്രകാരം ശ്രീമതി ഷൈബ എന്നയാൾക്കുമാണ് നൽകിയിട്ടുള്ളത്. തുകകൾ ഈ അക്കൌണ്ടുകളിലേക്ക് നൽകുവാനുള്ള കാരണം വ്യക്തമല്ല. പ്രവൃത്തിയുടെ അളവുപുസ്തകം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.അവിദഗ്ധതൊഴിലാളികളുടെ മസ്റ്റർ റോളിൽ ശ്രീ.എൻ.വി.പൌലോസ് 7 ദിവസത്തെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക പൌലോസിന് നൽകിയിട്ടില്ല.പ്രവൃത്തിയുടെ സൈറ്റ് ഡയറി പൂർണ്ണമല്ല.സൈറ്റ് ഡയറിയിൽ ശ്രീ .ലിനു എന്നയാൾ തൊഴിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

ശ്രീ.ലിനു.കെ.ഇ ,ശ്രീമതി.ഷൈബ എന്നിവർ ഈ പ്രവൃത്തിയുമായി ഏതുതരത്തിലാണ് ബന്ധപ്പെട്ടിട്ടുള്ളത് എന്നന്വേഷിച്ചുനൽകിയ ഓഡിറ്റ് എൻക്വയറി.നം.21 /19-20 തീയതി 01.09.21ക്ക് മറുപടി നൽകിയിട്ടില്ല.ഗുണഭോക്താവിന് നൽകാതെ ,പ്രവൃത്തിയുമായി ബന്ധമില്ലാത്ത ആളുകൾക്ക് നൽകിയതിനാൽ ₹67046 രൂപയുടെ ചെലവ് ഓഡിറ്റിൽനിരാകരിക്കുന്നു.

2.ചോമാടി നടപ്പാത കോൺക്രീറ്റ്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 380000 രൂപ ആണ്.പ്രവൃത്തിയുടെ ചെലവായി ₹31464 രൂപ തൊഴിലാളികൾക്ക് വേതനമായും 28470 രൂപ വിദഗ്/അർദ്ധവിദഗ്തൊഴിലാളികളുടെ വേതനമായും(FTO No.632306/06.05.19)₹288839(FTO No.632320/06.05.19 )മെറ്റീരിയൽസിന്റെ വിലയായും നൽകിയിട്ടുണ്ട്.പ്രവൃത്തിയുടെ സൈറ്റ് ഡയറിയിൽ

വിദഗ്/അർദ്ധവിദഗ്തൊഴിലാളികളുടെ ഹാജർ വിവരം രേഖപ്പെടുത്തിയിട്ടില്ല.വിദഗ്/അർദ്ധവിദഗ്തൊഴിലാളികളുടെ മസ്റ്റർ റോളിൽ രാജു എന്നയാളുടെ 13/03/19,14/03/19 എന്നീ ദിവസങ്ങളിലെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ തുക നൽകിയിരിക്കുന്നത് ശിവൻ,സുഭാഷ്,സുധീഷ്,മണി,പ്രകാശൻ എന്നയാളുകൾക്ക് 5694 രൂപ വീതമാണ്.മെറ്റീരിയൽസ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ വിവരങ്ങളോ .വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങളോ ഫയലിൽ ഇല്ല.പ്രവൃത്തിയുടെ അളവുപുസ്തകം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഫോട്ടോ ഫയലിൽ ഇല്ല.പ്രവൃത്തി നടത്തിപ്പ് സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം.21 /19-20 തീയതി 01.09.21ക്ക് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ 28470 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.മെറ്റീരിയൽസ് വിലയായി

നൽകിയ ₹288839യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പ്രവൃത്തിനടത്തിപ്പിന്റെ പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3.തൊഴുത്ത് നിർമ്മാണം -അബ്ദുൾസലാം,വാർഡ് 8

എ.എസ്.തുക-₹85000/- ഫയൽ പരിശോധിച്ചതിൽ 7000 രൂപ FTO No.383814/01.01.20 പ്രകാരം ശ്രീ.ലിനു.കെ.ഇ. എന്നയാൾക്കും 65154 രൂപ FTO No.607987 /21.03.19പ്രകാരം ശ്രീമതി ഷൈബ എന്നയാൾക്കുമാണ് നൽകിയിട്ടുള്ളത്. തുകകൾ ഈ അക്കൌണ്ടുകളിലേക്ക് നൽകുവാനുള്ള കാരണം വ്യക്തമല്ല. പ്രവൃത്തിയുടെ അളവുപുസ്തകം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിദഗ്ധതൊഴിലാളികളുടെ മസ്റ്റർ റോളിൽ ശ്രീ.ശേഖരൻ എന്നയാൾ 7 ദിവസത്തെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലുംതുക നൽകിയതായി കാണുന്നില്ല.പ്രവൃത്തിയുടെ സൈറ്റ് ഡയറിയിലും മസ്റ്റർ റോളിലും ശ്രീ .ലിനു എന്നയാൾ തൊഴിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല..ഗുണഭോക്താവിന് നൽകാതെ ,പ്രവൃത്തിയുമായി ബന്ധമില്ലാത്ത ആളുകൾക്ക് നൽകിയതിനാൽ ₹72154 രൂപയുടെ ചെലവ് ഓഡിറ്റിൽനിരാകരിക്കുന്നു.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം.21 /19-20 തീയതി 01.09.21ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ഷൈബ,മോളി എൽദോ എന്നവർക്ക് തുക നൽകിയത് അവർ എ.ഡി.എസ്സ് മാരായതിനാൽ അവരെ വെൻഡറാക്കി ക്രിയേറ്റ് ചെയ്ത് തുക നൽകിയതാണെന്നും ആ തുക ഗുണഭോക്താക്കൾക്ക് നല്കി എന്ന് നിലവിലെ ജീവനക്കാർ അറിയിച്ചു എന്നും സൂചിപ്പിച്ചു.കൂടാതെ ഹാജരാക്കാത്ത രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.മേൽകാലയളവിൽ ഈ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ചിരുന്നത് ഹർഷൽ പി.കെ,പുതുക്കുടി വീട് എന്ന അക്രഡിറ്റഡ് എഞ്ചിനീയർ ആയിരുന്നുവെന്നുംഫയലുകളിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 20.04.20 ന് ശ്രീ .ഹർഷൽ .പി.കെ.എന്നയാൾക്കും അക്കൌണ്ടന്റിനും മെമ്മോ നൽകിയതായും 20.05.20 ന് ശ്രീ .ഹർഷൽ .പി.കെ ജോലിയിൽനിന്ന് രാജി വെച്ച് പോയി എന്നും മറുപടി നൽകി.വ്യാജസർട്ടിഫിക്കറ്റ് നൽകിയതുമായി ബന്ധപ്പെട്ട് നിലവിൽ ടിയാനെതിരെ കമ്പളക്കാട് പോലീസ് സ്റ്റേഷനിൽ കേസ് നടക്കുന്നതായും സെക്രട്ടറി അറിയിച്ചു.24.05.17 ലെ ജി.ഒ.(ആർ.ടി)1699/2017/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6.5.4(II)പ്രകാരം മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പപദ്ധതിയുടെ നടത്തിപ്പ് ചുമതല അസി.സെക്രട്ടറിക്കാണ്.30.07.18 ലെ 1/2018 ):ം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരവും പദ്ധതിനടത്തിപ്പ് അസി.സെക്രട്ടറിക്കാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.എന്നാൽ എ.ഡി.എസ്സ് മാരുടെ അക്കൌണ്ടിലേക്ക് നൽകിയ തുക ഗുണഭോക്താക്കൾക്ക് നൽകി എന്ന വാദത്തെ സാധൂകരിക്കുന്ന രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.കൂടാതെ മറ്റ് ആളുകൾക്ക് തുക നൽകിയതിന് കാരണം ബോധിപ്പിച്ചിട്ടില്ല.കൂടാതെ പദ്ധതിനടത്തിപ്പിൽ അപാകതകൾ ഉണ്ടെന്ന് മറുപടിയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.ആയതിനാൽ മറുപടി ഭാഗികമായി അംഗീകരിച്ചുകൊണ്ട് തന്നെ ₹ 167670 യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ₹ 288839 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ആകെ നിരാകരിച്ച 167670 രൂപ ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതും ₹288839 യുടെ തടസ്സം ഒഴിവാക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-20 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പപദ്ധതി - പദ്ധതിതുക ചെലവഴിച്ചതിൽ വ്യാപക ക്രമക്കേട്

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പപദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയചില ഫയലുകൾ പരിശോധിച്ചതിൽ പദ്ധതിതുക ചെലവഴിച്ചതിൽ അപാകതകൾ വന്നതായി കണ്ടു.ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക മറ്റ് വ്യക്തികളുടെ ബാങ്ക് അക്കൊണ്ടിലേക്ക് മാറ്റിയതായും രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചതായും കണ്ടു.മെറ്റീരിയൽസ് വാങ്ങിയതിന് കൃത്യമായ വിവരങ്ങൾ ഇല്ലാതെ,സ്റ്റോക്കിൽ ചേർക്കാതെ തുക നൽകിയിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | അപാകത | റിമാർക്സ് |
|---|---|---|---|
| 1 | കുഞ്ഞാലി<br>ശൌചാലയനിർമ്മാണം.<br>വാർഡ്-7<br>RS-347148 | തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടില്ല.FTO 576376/15.07.19 പ്രകാരം ₹9300 മോളി എൽദോക്ക് നൽകി.ഈ പ്രവൃത്തിയിൽ യാതൊരു പങ്കും വഹിക്കാത്ത വ്യക്തികളുടെ അക്കൌണ്ടിലേക്കാണ് തുക നൽകിയത്. | ഈ പ്രവൃത്തിയിൽ യാതൊരു പങ്കും വഹിക്കാത്ത വ്യക്തിയുടെ അക്കൌണ്ടിലേക്ക് നല്കിയ, ₹9300 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. |
| 2 | കൃഷ്ണഭവാനിശൌചാലയനിർമ്മാണം<br>വാർഡ്-7<br>IF-345768 | തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടില്ല.FTO 576376/15.07.19 പ്രകാരം₹9000 മോളി എൽദോക്ക് നൽകി..ഈ പ്രവൃത്തിയിൽ | .ഈ പ്രവൃത്തിയിൽ യാതൊരു പങ്കും വഹിക്കാത്തവ്യക്തിയുടെ അക്കൌണ്ടിലേക്ക് നല്കിയ, ₹9000 |

| | | | |
|---|---|---|---|
| | | യാതൊരു പങ്കം വഹിക്കാത്ത വ്യക്തികളുടെ അക്കൌണ്ടിലേക്കാണ് തുക നൽകിയത്. | രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു |
| 3 | തേർവാടിക്കുന്ന് അങ്കണവാടി റോഡ് കോൺക്രീറ്റ്<br>വാർഡ് -10<br>അടങ്കൽ-230000<br>As.N0.03/2018(1)/30.01.18<br>Work Code-RC274065. | അളവുപുസ്തകം ഹാജരാക്കിയിട്ടില്ല.<br>സൈറ്റ് ഡയറി പൂർണ്ണമല്ല.മൂല്യനിർണ്ണയസാക്ഷ്യപത്രം സെക്രട്ടറി ഒപ്പുവെച്ചിട്ടില്ല.മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ ഇല്ല.മോണിട്ടറിംഗ് റിപ്പോർട്ടിൽ ADS മാത്രമാണ് ഒപ്പുവെച്ചിട്ടുള്ളത്. ഫോട്ടോ ഇല്ല.പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല.ശ്രീ.സുലൈമാൻഎന്നയാൾക്ക് 212204 .(FTO.No.629996/29.03.19)രൂപ നൽകി. | ബില്ല് ഇല്ലാതെ മെറ്റീരിയൽസിന് തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>₹ 212204 യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. |
